ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 04.03.2025** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1). ബജറ്റ് പ്രഖ്യാപനങ്ങളുടെ ഫലപ്രദമായ നിർവ്വഹണം ഉറപ്പാക്കുന്നതിനായി സംഘടിപ്പിക്കുന്ന മൂന്ന് വെബിനാറുകളിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് പങ്കെടുക്കും.

**Prime Minister Narendra Modi will participate in three Post- Budget webinars via video conferencing today.**

2). ഇന്ത്യൻ റെയിൽവേ ഫിനാൻസ് കോർപ്പറേഷനും ഇന്ത്യൻ റെയിൽവേ കാറ്ററിംഗ് ആൻഡ് ടൂറിസം കോർപ്പറേഷനും നവരത്ന പദവി നൽകി കേന്ദ്ര സർക്കാർ.

**Government accords Navratna status to Indian Railway Finance Corporation and Indian Railway Catering and Tourism Corporation.**

3). രാജ്യത്ത് ആദ്യമായി നദീ ഡോൾഫിനുകളുടെ റിപ്പോർട്ട് പുറത്തിറക്കി.

**Nation's first ever report on riverine dolphin estimation released.**

4). ചരിത്രത്തിൽ ആദ്യമായി രഞ്ജി ട്രോഫിയിൽ റണ്ണറപ്പായ കേരള ടീമിനെ സംസ്ഥാന സർക്കാർ ഇന്ന് ആദരിക്കും.

**The state government will felicitate the Kerala Ranji team today for becoming runners-up, first time in history.**

5). **കനേഡിയൻ, മെക്സിക്കൻ ഉത്പന്നങ്ങൾക്ക് നിശ്ചയിച്ച തീരുവ ഇന്ന് മുതൽ നടപ്പാക്കുമെന്ന് അമേരിക്കൻ പ്രസിഡൻറ് ഡൊണൾഡ് ട്രംപ്.**

**President Donald Trump has confirmed that tariffs on Canadian and Mexican products will be implemented from today.**

6. **ICC ചാമ്പ്യൻസ് ട്രോഫി ക്രിക്കറ്റ് സെമി ഫൈനലിൽ ഇന്ത്യ ഇന്ന് ഓസ്ട്രേലിയയെ നേരിടും.**

**In the ICC Champions Men's Cricket Trophy, India will face Australia in the first semifinal today.**

==============================================

## PM-WEBINAR

പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് മൂന്ന് ബജറ്റനന്തര വെബിനാറുകളിൽ പങ്കെടുക്കും. വീഡിയോ കോൺഫറൻസിംഗിലൂടെയായിരിക്കും പ്രധാനമന്ത്രി വെബിനാറിൽ പങ്കെടുക്കുക. സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ, ഉത്പാദനം, കയറ്റുമതി, ആണവോർജ്ജ ദൗത്യങ്ങൾ, നിക്ഷേപം, ബിസിനസ്സ് സുഗമമാക്കുന്നതിനുള്ള പരിഷ്കാരങ്ങൾ എന്നിവ സംബന്ധിച്ചാണ് വെബിനാറുകൾ. ബജറ്റ് പ്രഖ്യാപനങ്ങളുടെ ഫലപ്രദമായ നിർവ്വഹണം ഉറപ്പാക്കുന്നതിനായി സംഘടിപ്പിക്കുന്ന വെബിനാറുകളിൽ വ്യാവസായിക പ്രതിനിധികൾ, വിഷയ വിദഗ്ധർ തുടങ്ങിയവർ പങ്കെടുക്കും.

==============================================

## MORN. PM BELGIUM PRINCESS

ഇന്ത്യാ സന്ദർശനത്തിനെത്തിയ ബെൽജിയം രാജകുമാരി ആസ്ട്രിഡ് ഇന്ന് ന്യൂഡൽഹിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദിയെ സന്ദർശിക്കും. രാജകുമാരി ആസ്ട്രിഡും ബെൽജിയം പ്രതിരോധ മന്ത്രി തിയോ ഫ്രാങ്കനും ഇന്നലെ രാജ്യരക്ഷ മന്ത്രി രാജ്നാഥ് സിങ്ങുമായി കൂടിക്കാഴ്ച നടത്തി. ഇരു രാജ്യങ്ങളും തമ്മിലുള്ള പ്രതിരോധ വ്യാവസായിക സഹകരണം മെച്ചപ്പെടുത്തുന്നതിനുള്ള മാർഗ്ഗങ്ങൾ ചർച്ചയായി. പ്രതിരോധ മേഖലയിലെ ബെൽജിയൻ

നിക്ഷേപങ്ങളെ രാജ്യരക്ഷ മന്ത്രി സ്വാഗതം ചെയ്തു. ഈ മാസം 8 വരെയാണ് സന്ദർശനം.

=========================================

**JAISHANKAR-UK**

വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കറിൻറെ യു.കെ.- അയർലൻഡ് സന്ദർശനം ഇന്ന് ആരംഭിക്കും. യു.കെ. വിദേശകാര്യ സെക്രട്ടറി ഡേവിഡ് ലാമിയുമായി അദ്ദേഹം ചർച്ച നടത്തും. പ്രതിരോധം, സുരക്ഷ, വ്യാപാരം, സമ്പദ്വ്യവസ്ഥ, ആരോഗ്യം, വിദ്യാഭ്യാസം ഉൾപ്പെടെ വിവിധ മേഖലകളിലെ സഹകരണം ചർച്ചയാകും.

അയർലൻഡ് സന്ദർശന വേളയിൽ, ഐറിഷ് വിദേശകാര്യ മന്ത്രി സൈമൺ ഹാരിസുമായി ശ്രീ ജയ്ശങ്കർ കൂടിക്കാഴ്ച നടത്തും. ഇന്ത്യൻ സമൂഹവുമായും അദ്ദേഹം സംവദിക്കും.

=========================================

**REV. DEFENCE- REPORT**

ഇന്ത്യൻ വ്യോമസേനയുടെ ശേഷിയും കാര്യക്ഷമതയും മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച ഉന്നതാധികാര സമിതിയുടെ റിപ്പോർട്ട് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിങ്ങിന് സമർപ്പിച്ചു. ഹ്രസ്വ, മദ്ധ്യമ, ദീർഘകാല പദ്ധതികൾ അടങ്ങിയ റിപ്പോർട്ട് പ്രതിരോധ സെക്രട്ടറി രാജേഷ് കുമാർ സിംഗാണ് സമർപ്പിച്ചത്. സമിതിയുടെ പ്രവർത്തനത്തെ അഭിനന്ദിച്ച ശ്രീ രാജ്നാഥ് സിംഗ് പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ നിർദ്ദേശം നൽകി.

=========================================

**ASHWINI - RAILWAY INTRO**

ഇന്ത്യൻ റെയിൽവേ ഫിനാൻസ് കോർപ്പറേഷനും ഇന്ത്യൻ റെയിൽവേ കാറ്ററിംഗ് ആൻഡ് ടൂറിസം കോർപ്പറേഷനും നവരത്ന പദവി നൽകിയതായി റെയിൽവെ മന്ത്രി അശ്വിനി വൈഷ്ണവ്. റെയിൽവെയെ സംബന്ധിച്ചിടത്തോളം ഇത് ഏറെ അഭിമാനകരമായ നേട്ടമാണെന്ന് അദ്ദേഹം പറഞ്ഞു.

(HOLD FOR BYTE...)

26,000 കോടി രൂപയിലധികം വാർഷിക വിറ്റുവരവുള്ള റെയിൽവേ മന്ത്രാലയത്തിൻറെ ഒരു പൊതുമേഖലാ സംരംഭമാണ് IRFC. നവരത്ന പദവി ലഭിച്ച IRCTC യെയും IRFC യെയും റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ് അഭിനന്ദിച്ചു.

==========================================

**INDIA - DOLPHIN ESTIMATION**

രാജ്യത്ത് 6,327 നദീതട ഡോൾഫിനുകൾ അധിവസിക്കുന്നതായി കണക്കുകൾ. ദേശീയ വന്യജീവി ബോർഡ് ഗുജറാത്തിലെ ജുനഗഡിൽ സംഘടിപ്പിച്ച ഏഴാമത് യോഗത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി നദീതട ഡോൾഫിനുകളുടെ ആദ്യ റിപ്പോർട്ട് പുറത്തിറക്കിയത്. എട്ട് സംസ്ഥാനങ്ങളിലായി 28 നദികളിലാണ് സർവേ നടത്തിയത്. ഉത്തർപ്രദേശിലാണ് ഏറ്റവും കൂടുതൽ എണ്ണം രേഖപ്പെടുത്തിയത്. ബിഹാർ, പശ്ചിമ ബംഗാൾ, അസം എന്നീ സംസ്ഥാനങ്ങൾ തൊട്ടുപിന്നിലുണ്ട്.

==========================================

**CDS-AUSTRALIA VISIT**

സംയുക്ത സേനാ മേധാവി അനിൽ ചൗഹാൻ ഇന്ന് ഓസ്ട്രേലിയ സന്ദർശിക്കും. ഇന്ത്യ-ഓസ്ട്രേലിയ പ്രതിരോധ സഹകരണം മെച്ചപ്പെടുത്താൻ ലക്ഷ്യമിട്ടാണ് സന്ദർശനം. ഓസ്ട്രേലിയൻ പ്രതിരോധ മേധാവി ഉൾപ്പെടെയുള്ളവരുമായി അദ്ദേഹം കൂടിക്കാഴ്ച നടത്തും.

==========================================

**ബ്രേക്ക്....**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്...

==========================================

## JITENDRA SINGH

കഴിഞ്ഞ ദശകത്തിൽ ഗവേഷണ വികസന മേഖലയിലെ രാജ്യത്തിന്റെ ധനവിനിയോഗം ഇരട്ടിയായി വർദ്ധിച്ചെന്ന് കേന്ദ്രമന്ത്രി ജിതേന്ദ്ര സിംഗ്. 2013-14 ൽ അറുപതിനായിരം കോടിയായിരുന്നത് 1.27 ലക്ഷം കോടിയായി ഉയർന്നു. ന്യൂഡൽഹിയിൽ സംഘടിപ്പിച്ച 'ദിശ' പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. വിജ്ഞാന സമ്പദ്‌വ്യവസ്ഥയുടെ മുന്നേറ്റം ആത്മനിർഭര ഭാരതത്തെ ശക്തിപ്പെടുത്തുമെന്ന് മന്ത്രി വ്യക്തമാക്കി.

==========================================

## INDIA-NEPAL MoU

ശുചിത്വം, ജല ശുദ്ധീകരണം, മാലിന്യ സംസ്കരണം എന്നീ മേഖലകളിലെ സഹകരണം മെച്ചപ്പെടുത്തുന്നതിനായി ഇന്ത്യയും നേപ്പാളും ധാരണാപത്രത്തിൽ ഒപ്പുവച്ചു. പൊതുജനാരോഗ്യം, സുസ്ഥിരത, പ്രാദേശിക സഹകരണം എന്നീ മേഖലകളിൽ ഇരുരാജ്യങ്ങൾക്കുമുള്ള പ്രതിബദ്ധതയാണ് ധാരണാപത്രം പ്രതിഫലിപ്പിക്കുന്നതെന്ന് ജലശക്തി മന്ത്രി സി.ആർ. പാട്ടീൽ ന്യൂഡൽഹിയിൽ പറഞ്ഞു. ജനക്ഷേമം സുസ്ഥിരഭാവി എന്നീ മേഖലകളിൽ ഇന്ത്യയും നേപ്പാളും സഹകരിച്ച് പ്രവർത്തിക്കും.

==========================================

## രഞ്ജി ട്രോഫി - ആദരം

ചരിത്രത്തിൽ ആദ്യമായി രഞ്ജി ട്രോഫി ഫൈനലിൽ എത്തിയ കേരള ടീമിനെ സംസ്ഥാന സർക്കാർ ഇന്ന് ആദരിക്കും. തിരുവനന്തപുരത്ത് നടക്കുന്ന അനുമോദന ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയൻ, കായികമന്ത്രി അബ്ദു റഹിമാൻ, പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ, മന്ത്രിമാർ, സ്പീക്കർ, കെസിഎ ഭാരവാഹികൾ തുടങ്ങിയവർ പങ്കെടുക്കും.

==========================================

**KERALA ASSEMBLY**

കേരളാ തീരത്തെ ആഴക്കടൽ ധാതുഖനനവുമായി ബന്ധപ്പെട്ട് നിയമഭേദഗതി ഉപേക്ഷിക്കണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുന്ന പ്രമേയം നിയമസഭയിൽ ഇന്ന് അവതരിപ്പിക്കും. മുഖ്യമന്ത്രി പിണറായി വിജയനാണ് പ്രമേയം അവതരിപ്പിക്കുന്നത്. ആഴക്കടൽ ധാതുഖനനത്തിൽ കൊണ്ടുവന്ന ഭേദഗതികൾ അമൂല്യമായ മത്സ്യസമ്പത്തിനും ജൈവവൈവിദ്ധ്യത്തിനും ആഘാതം ഏൽപ്പിക്കുമെന്ന് നേരത്തെ സംസ്ഥാനം അറിയിച്ചിരുന്നു.

==============================================

**PM-NaMo APP**

പ്രചോദനം നൽകുന്ന ജീവിതയാത്രകളെ കുറിച്ചുള്ള അനുഭവങ്ങൾ NaMo App Open ഫോറത്തിലൂടെ പങ്കുവെയ്ക്കാൻ ആഹ്വാനം ചെയ്ത് പ്രധാനമന്ത്രി നരേന്ദ്ര മോദി. സമൂഹ മാധ്യമത്തിൽ പങ്കുവെച്ച പോസ്റ്റിലാണ് അദ്ദേഹത്തിൻറെ ആഹ്വാനം. വിവിധ മേഖലകളിൽ കഴിവ് തെളിയിച്ച തിരഞ്ഞെടുക്കപ്പെട്ട വനിതകൾക്ക് അന്താരാഷ്ട്ര വനിതാ ദിനമായ ഈ മാസം 8-ന് തന്റെ സാമൂഹ്യ മാധ്യമ അക്കൗണ്ടുകൾ കൈകാര്യം ചെയ്യാൻ അവസരം നൽകുമെന്ന് പ്രധാനമന്ത്രി അറിയിച്ചു.

==============================================

**TRUMP-TARIFF**

കനേഡിയൻ, മെക്സിക്കൻ ഉത്പന്നങ്ങൾക്ക് നിശ്ചയിച്ച തീരുവ ഇന്ന് മുതൽ നടപ്പാക്കുമെന്ന് അമേരിക്കൻ പ്രസിഡൻറ് ഡൊണൾഡ് ട്രംപ്. കാനഡയ്ക്കും മെക്സിക്കോയ്ക്കും ഏർപ്പെടുത്തിയ 25 ശതമാനം തീരുവ ഇന്ന് പ്രാബല്യത്തിൽ വരുമെന്ന് ട്രംപ് വൈറ്റ് ഹൗസിൽ മാധ്യമങ്ങളോട് വ്യക്തമാക്കി. പ്രഖ്യാപനത്തിന് പിന്നാലെ യു.എസ് ഓഹരി വിപണികൾ ഇടിഞ്ഞു. തീരുവ വലിയ പ്രത്യാഘാതങ്ങൾക്ക് വഴിയൊരുക്കുമെന്ന് മെക്സിക്കോയും

ആയിരക്കണക്കിന് തൊഴിലവസരങ്ങൾ ഇല്ലാതാക്കുമെന്ന് കാനഡയും പ്രതികരിച്ചു.

==================================================

## CHAMPIONS TROPHY- (INTRO)

ICC ചാമ്പ്യൻസ് ട്രോഫി ക്രിക്കറ്റ് സെമി ഫൈനലിൽ ഇന്ത്യ ഇന്ന് ഓസ്ട്രേലിയയെ നേരിടും. ദുബായ് ഇൻ്ററർനാഷണൽ ക്രിക്കറ്റ് സ്റ്റേഡിയത്തിൽ ഇന്ത്യൻ സമയം ഉച്ചയ്ക്ക് 2.30 നാണ് മത്സരം. ഓസ്ട്രേലിയ മികച്ച എതിരാളിയാണെന്നും ഇന്ത്യൻ താരങ്ങൾ തികഞ്ഞ ആത്മവിശ്വാസത്തോടെയാണ് ഇന്ന് മത്സരത്തിനിറങ്ങുന്ന തെന്നും ക്യാപ്റ്റൻ രോഹിത് ശർമ്മ പറഞ്ഞു.

**(HOLD FOR BYTE.......)**

രണ്ടാം സെമിയിൽ നാളെ ദക്ഷിണാഫ്രിക്കയും ന്യൂസിലാൻഡും ഏറ്റുമുട്ടും.

==================================================

## REV. SHOT PUT RECORD

ലോക ഇൻഡോർ ഷോട്ട്പുട്ടിൽ, ഏറ്റവും കൂടുതൽ ദൂരം എറിയുന്ന ആദ്യ ഇന്ത്യൻ വനിത എന്ന ചരിത്ര നേട്ടം സ്വന്തമാക്കി കൃഷ്ണ ജയ് ശങ്കർ. യു.എസിൽ നടന്ന മൗണ്ടൻ വെസ്റ്റ് ഇൻഡോർ ട്രാക്ക് ആൻഡ് ഫീൽഡ് ചാമ്പ്യൻഷിപ്പിൽ 16.03 മീറ്റർ ദൂരം എറിഞ്ഞ കൃഷ്ണയ്ക്ക് വെങ്കല മെഡൽ ലഭിച്ചു. പൂർണറാവു റാണെയുടെ 2023-ലെ 15.54 മീറ്ററെന്ന റെക്കോർഡാണ് 22 കാരിയായ കൃഷ്ണ ജയ് ശങ്കർ തകർത്തത്.

==================================================

## ECI- CONFERENCE

സംസ്ഥാന- കേന്ദ്രഭരണ പ്രദേശങ്ങളിലെ മുഖ്യ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥരുടെ രണ്ട് ദിവസത്തെ സമ്മേളനം ഇന്ന് മുതൽ ആരംഭിക്കും. മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണറായി ഗ്യാനേഷ് കുമാർ ചുമതലയേറ്റ ശേഷം നടക്കുന്ന ആദ്യ സമ്മേളനമാണിത്.

ന്യൂഡൽഹിയിലെ ഇന്ത്യ ഇൻററർനാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡെമോക്രസി ആൻറ് ഇലക്ഷൻ മാനേജ്മെൻറിലാണ് സമ്മേളനം സംഘടിപ്പിക്കുന്നത്.

==================================================

**SAFETY DAY**

ഇന്ന് ദേശീയ സുരക്ഷാ ദിനം. ജോലിസ്ഥലങ്ങൾ ഉൾപ്പെടെ ജീവിതത്തിൻറെ വിവിധ മേഖലകളിൽ സുരക്ഷയുടെ പ്രാധാന്യത്തെക്കുറിച്ച് അവബോധം വർദ്ധിപ്പിക്കുന്നതിനാണ് ദിനാചരണം.

==================================================

**SC – VISUALLY IMPAIRED**

കാഴ്ച പരിമിതിയുള്ളവർക്ക് നീതി ന്യായ വകുപ്പിൽ തൊഴിൽ അവസരം നിഷേധിക്കാനാവില്ലെന്ന് സുപ്രീം കോടതി. ജസ്റ്റിസുമാരായ ജെ ബി പർദിവാല, ആർ മഹാദേവൻ എന്നിവരടങ്ങിയ ബെഞ്ചാണ് ഇതുമായി ബന്ധപ്പെട്ട വിധി പ്രഖ്യാപിച്ചത്. ശാരീരികമായി വെല്ലുവിളികൾ നേരിടുന്ന വ്യക്തികൾക്ക് ജുഡീഷ്യറിയിലെ തൊഴിൽ അവസരങ്ങളിൽ ഒരു തരത്തിലുമുള്ള വിവേചനം ഉണ്ടാകരുതെന്നും അവരെ ഉൾക്കൊള്ളിക്കുന്ന വിധം നിയമന നടപടികൾ സംസ്ഥാനങ്ങൾ പരിഷ്കരിക്കണമെന്നും ജസ്റ്റിസ് മഹാദേവൻ പറഞ്ഞു.

==================================================

**ALAPPUZHA – KUMBHA BHARANI**

ഓണാട്ടുകരയുടെ മഹോത്സവമായ ചെട്ടികുളങ്ങര കുംഭഭരണി ഇന്ന്. കുത്തിയോട്ടവും കെട്ടുകാഴ്ചയുമാണ് കുംഭഭരണിയുടെ പ്രത്യേകത. ഉത്സവത്തോടനുബന്ധിച്ച് മാവേലിക്കര, കാർത്തികപള്ളി താലൂക്കുകളിൽ ഇന്ന് പ്രാദേശിക അവധിയാണ്.

==================================================

================